**PROCEEDINGS OF THE STATE ELECTION COMMISSION, KERALA, THIRUVANANTHAPURAM**

State Election Commission, Kerala, Thiruvananthapuram – Freezing of Election symbol allotted to Communist Marxist Party (Aravindakshan faction) - orders issued

No. B4/35598/2020/SEC Dated, Thiruvananthapuram, 2nd November, 2020

Ref: (1) Petition dated 11.09.2020 filed by Shri.M.Ajeeb
(2) Proceedings No.480/2015/SEC, dated 10.08.2015 of the State Election Commission, Kerala
(3) Proceedings No.533/2015/SEC, dated 01.09.2015of the State Election Commission,, Kerala
(4) Proceedings No.536/2015/SEC, dated 01.09.2015 of the State Election Commission, Kerala

# ORDER

Shri.M.Ajeeb as petitioner and representing Communist Marxist Party Kerala State Committee filed a petition for allotment of symbol 'TELEVISION' to him.

2. The petitioner is stated to be the General Secretary of the Communist Marxist Party (CMP), Kerala State Committee. The Communist Marxist Party is a registered unrecognised political party which was formed in the year 1987 under the leadership of Shri.M.V.Raghavan. The party was part of the United Democratic Front (a political coalition) till the death of Shri.M.V.Raghavan. There occurred a split in the party after the death of Shri.M.V.Raghavan- One group led by Shri.C.P.John and other by Shri.K.R.Aravindakshan. The group led by Shri.C.P.John remained with the UDF and the CMP, Kerala State Committee led by Shri.K.R.Aravindakshan remained neutral. When both of the factions put forward claim for the party symbol 'AEROPLANE' this Commission passed an order freezing the said symbol as per Proceedings

No.480/2015/SEC dated 10.08.2015. Thereafter the symbol 'TELEVISION' was allotted to the faction led by Shri.K.R.Aravindakshan and the symbol 'STAR' to the faction of Shri.C.P.John as per proceedings Nos.533/2015/SEC and 536/2015/SEC dated 01.09.2015, respectively.

3. While so, Shri.K.R.Aravindakshan died and after his death Shri.M.K.Kannan became the General Secretary of the CMP, Kerala State Committee. When Shri.M.K.Kannan made a move to merge/amalgamate CMP (Aravinkashan faction) with the CPI (M) party the petitioner filed O.S.66/2019 before the Munsiff Court, Ernakulam and the court restrained Shri.M.K.Kannan from merging the party with CPI(M) by an order of Interim Injunction. Later Shri.M.K.Kannan joined in CPI (M). Subsequently Shri.M.V.Rajesh (the respondent) became the General Secretary of the party. When Shri.M.V.Rajesh and some workers were found indulged in anti-party activities they were expelled from the party on 09.11.2019 and the petitioner, it is stated, was elected as the General Secretary of the CMP. The petitioner now seeks allotment of the symbol 'TELEVISION' to the CMP led by him to contest in the ensuing General Election to the Local Bodies in Kerala.

4. Notice was issued to Shri.M.V.Rajesh and he appeared through counsel and filed objection statement opposing the allotment of the symbol 'TELEVISION' to the petitioner. According to him the petitioner is not entitled to claim allotment of the symbol 'TELEVISION' which was allotted to the CMP, Kerala State Committee. The petitioner was expelled from the party and he is no longer in CMP. The respondent Shri.M.V Rajesh is the General Secretary of the CMP, Kerala State Committee and the party symbol 'TELEVISION' is to be allotted to his party, it is further contended.

5. Heard both sides.

6. It is a fact that the symbol 'TELEVISION' was allotted to the Communist Marxist Party, Kerala State Committee (Aravindakshan faction) as

per reference No.533/2015/SEC dated 01.09.2015. Now dispute arose within the CMP (Aravindakshan faction). The petitioner claims that he is the General Secretary of the CMP, Kerala State Committee (Aravindakshan faction) and the symbol 'TELEVISION' which was allotted to the party as per reference No.3 cited above, is to be allotted to the CMP led by him. As against that the contention of Shri.M.V.Rajesh is that he is the General Secretary of CMP, Kerala State Committee and the above party symbol needs to be allotted to the party led by him. According to him the petitioner Shri.M.Ajeeb was expelled from the party and he is no longer in the party. To him the party symbol cannot be allotted to the petitioner.

7. It can be seen from the above that there is dispute between that two groups in the CMP. Rival claims are put forward by the petitioner and Shri.M.V.Rajesh over the use of the party name and symbol. Which faction is the original CMP (Aravindakshan faction) is to be decided in appropriate proceedings before appropriate forum. No such decision from the authorities is produced by both sides. It is submitted by both sides that proceedings are pending before the Election Commission of India and the Munsiff Court, Ernakulam in the matter. Therefore the Commission presently cannot say which faction is the original CMP. This Commission earlier allotted the symbol 'TELEVISION' to the CMP (Aravindakshan faction). Now it is seen from the contentions of both sides that a split occurred in the CMP, Kerala State Committee (Aravindakshan Faction) after his death.

8. As per Rule 12of the Kerala Panchayat Raj(Conduct of Election) Rulesand Kerala Municipality (Conduct of Election) Rules and para 7 of the Local Authorities Election Symbols (Reservation andAllotment)Order, 2017, the symbol allotted to a party has to be frozen if there is a split in the party. From the rival contentions of both sides in this case it can be seen that a split occurred in the CMP, Kerala State Committee (Aravindakshan faction). The

Commission hence hereby order to freeze the symbol ‘TELEVISION’ allotted to CMP, Kerala State Committee (Aravindakshan faction) as per Rule 12 of the Kerala Panchayat Raj (Conduct of Election) Rules and Kerala Municipality (Conduct of Election) Rules and para 7 of the Local Authorities ElectionSymbols (Reservation and Allotment) Order, 2017. Both parties are free to apply for a symbol from the list of free symbols published by this Commission.

Sd/-
V.BHASKARAN,
STATE ELECTION COMMISSIONER

To

Shri.M.Ajeeb,
General Secretary of the Communist
Marxist Party (CMP), Kerala State Committee,
Mattakombil Building, Methala P.O.
(Via) Kuruppumpadi,
Ernakulam District.

Shri.M.V.Rajesh,
S/o Late M.V.Raghavan,
4D, Tranquil Towers,
Opposite Civil Station,
Kakkanad, Ernakulam 682030

Copy to:- All District Election Officers & All District Collectors
All Returning Officers (Through District Election Officers)
All Officers of the State Election Commission
PRO, State Election Commission
Computer Programmer, State Election Commission
PS to Commissioner
C.A to Commissioner
C.A to Secretary, Office copy

Forwarded/By order

SECTION OFFICER

**PROCEEDINGS OF THE STATE ELECTION COMMISSION, KERALA, THIRUVANANTHAPURAM**

(PRESENT: V.BHASKARAN)

Sub: - State Election Commission - Ban on transfer of officers and staff as may be necessary for the discharge of functions conferred on State Election Commission under Article 243K(1)/243ZA(1)-Orders issued.

Ref:- DO Letter No. B1/33870/2020/SEC, dated 27.10.2020 of State Election Commission addressed to the Chief Secretary, Kerala.

No. B1- 33870 -2020-SEC Date: 02.11.2020

# O R D E R

Articles 243 K (3)/243ZA provides that the Governor of a State shall, when so requested by the State Election Commission, make available to the State Election Commission such staff as may be necessary for the discharge of the functions conferred on the State election Commission for the preparation of electoral roll and for the conduct of elections to the Panchayats/Municipalities.

2. Section 132 of the Kerala Panchayat Raj Act, 1994 and Section 156 of the Kerala Municipality Act, 1994 envisages for providing list of officers and staff of Government Departments, Local Self Government Institutions or other authorities and Educational Institutions to the State Election Commission by the head of such departments and Section 145 of the Kerala Panchayat Raj Act, 1994 and Section 202 of the Kerala Municipality Act, 1994 provide that every Department of the Government and every Local Self Government Institutions or other authorities in the State shall when so requested by the State Election Commission or the District Election Officer make available such staff as may be necessary for the performance of any duties in connection with the preparation and revision of electoral roll or any duties in connection with an election.

3. The capturing of details of officers and staff as may be necessary for duties in connection with the General Election to Local Self Government Institutions in Kerala (using e-drop software system) is in progress. The above exercise is done with the help of NIC through uploading the names of

employees, mainly working in all Government and Aided Educational Institutions, by the concerned Local Self Government Institutions for deploying them as presiding officers and polling officials. Transfer or dislocation of any of such officers during the currency of the election process will derail the whole process.

4. Since expeditious and time-bound preparations are being made for the conduct of elections and for preparation of list of officers and staff to be drafted for duties in connection with election, it is necessary that there shall be a ban on transfer of officers and staff of the Government Departments, Local Self Government Institutions, Educational Institutions and other authorities in the State as may be necessary for the discharge of the functions conferred on the State Election Commission by Articles 243K/ZA of the Constitution of India.

5. In view of the above, the State Election Commission, invoking the powers under Articles 243 K/ZA of the Constitution of India and all other powers enabling in this behalf hereby directs the Chief Secretary of the State and the Heads of all Government Departments, Local Self Government Institutions, Educational Institutions and other authorities referred to in Sections 132 and 145 of the Kerala Panchayat Raj Act, 1994 and Sections 156 and 202 of the Kerala Municipality Act, 1994 not to transfer any officer and staff under them or under their control from 2nd November, 2020 till the completion of the election process.

6. The Heads of Department concerned shall take urgent steps to fill up the vacancies against the posts which are designated as Returning Officers and Assistant Returning Officers of local bodies before 4th November, 2020.

7. In those cases where transfer of an officer is inevitable on account of administrative exigency, the Government or the head of the offices or departments referred to in Sections 132 and 145 of the Kerala Panchayat Raj Act, 1994 and Sections 156 and 202 of the Kerala Municipality Act, 1994 may with full justification approach the State Election Commission or the District Election Officer for prior clearance.

These directions are issued for the conduct of and in furtherance of a free and fair election.

**V. Bhaskaran**
State Election Commissioner.

To

The Chief Secretary, Government of Kerala (with covering letter)
The Principal Secretary, Local Self Government Department (with covering letter)
All Heads of Departments
Heads of all Public Sector Undertakings/
Government Companies/Corporations
All District Election Officers and District Collectors,
Public Relations Officer

Copy to:-

Standing Counsel, SEC,
All Nodal Officers and Sections,
Computer Programmer, SEC,
Private Secretary to Commissioner& C.A. to Secretary,
Stock file/Office copy.

Forwarded/By Order

Section Officer

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

നമ്പർ: ബി1/34970/2019/സം.തി.ക. തീയതി : 28.10.2020

## സർക്കുലർ

വിഷയം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്കുള്ള തിരഞ്ഞെടുപ്പ്- തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ബോർഡുകൾ, ബാനറുകൾ, പോസ്റ്ററുകൾ, നോട്ടീസ്, ചുവരെഴുത്തുകൾ തുടങ്ങിയവ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 22.03.2019 ലെ ബി1 -22671-2019-സം.തി.ക നമ്പർസർക്കുലർ.

22750/2018 നമ്പർ റിട്ട് പെറ്റിഷനിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 18.09.2018, 03.10.2018, 26.02.2019 എന്നീ തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബോർഡുകൾ, ബാനറുകൾ, ഹോർഡിംഗുകൾ എന്നിവ സ്ഥാപിക്കുന്നതും നീക്കംചെയ്യുന്നതും സംബന്ധിച്ച് കേരള സംസ്ഥാന സർക്കാർ ഉത്തരവുകളും സർക്കുലറുകളും മുഖേന അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കോടതി ഉത്തരവുകളും സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും സർക്കുലറുകളും അടിസ്ഥാനമാക്കിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രചാരണത്തിന് ബോർഡുകൾ, ബാനറുകൾ, പോസ്റ്ററുകൾ, നോട്ടീസ്, ചുവരെഴുത്ത് എന്നീ മാർഗ്ഗങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നു എന്ന കാര്യം പരിഗണിച്ചും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി സൂചന സർക്കുലറിൽ ആവശ്യമായ ഭേദഗതി വരുത്തി ചുവടെ ചേർക്കുംവിധം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) തിരഞ്ഞെടുപ്പ പരസ്യം സ്ഥാപിക്കുന്നതിനോ പതിക്കുന്നതിനോ എഴുതുന്നതിനോ വരയ്ക്കുന്നതിനോ ചുമതലപ്പെടുത്തുന്ന വ്യക്തിയുടെ പേരും സ്ഥാനപ്പേരും പരസ്യത്തോടൊപ്പം ചേർക്കേണ്ടതാണ്.

(ii) നിലവിലുള്ള നിയമങ്ങൾ അനുശാസിക്കുന്നതിനു വിരുദ്ധമായി തിരഞ്ഞെടുപ്പ് പരസ്യം സ്ഥാപിക്കുവാനോ പതിപ്പിക്കുവാനോ എഴുതുവാനോ വരയ്ക്കുവാനോ പാടില്ല. .

(iii) മറ്റൊരു രാഷ്ട്രീയകക്ഷിയോ സ്ഥാനാർത്ഥിയോ നിയമാനുസൃതം സ്ഥാപിച്ചിട്ടുള്ള പരസ്യം വികൃതമാക്കുകയോ മലിനമാക്കുകയോ മറയ്ക്കുകയോ ചെയ്യുന്ന രീതിയിൽ തിരഞ്ഞെടുപ്പ പരസ്യം സ്ഥാപിക്കുവാനോ പതിക്കുവാനോ എഴുതുവാനോ വരയ്ക്കുവാനോ പാടില്ല.

(iv) വ്യക്തികളെ അധിക്ഷേപിക്കുന്നതും അശ്ലീലകരവും അപകീർത്തിപ്പെടുത്തുന്നതും പ്രകോപനപരമായതും മതവികാരം ഉണർത്തുന്നതും വ്രണപ്പെടുത്തുന്നതും കൊലപാതക ദൃശ്യങ്ങളുൾപ്പെടെയുള്ള ബീഭത്സമായ ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതുമായ തിരഞ്ഞെടുപ്പ പരസ്യം സ്ഥാപിക്കുവാനോ പതിക്കുവാനോ എഴുതുവാനോ വരയ്ക്കുവാനോ പാടില്ല.

(v) വാഹനയാത്രക്കാർക്കും കാൽനടയാത്രക്കാർക്കും പൊതുജനങ്ങൾക്കും മാർഗ്ഗതടസ്സം ഉണ്ടാകുന്നതോ മാർഗ്ഗതടസ്സത്തിനു കാരണമാകുന്നതോ ആയ രീതിയിലോ വാഹനങ്ങൾ സുഗമമായി പോകുന്നതിന്തടസ്സമുണ്ടാകുന്നരീതിയിലോതിരഞ്ഞെടുപ്പപരസ്യംസ്ഥാപിക്കുവാനോപതിക്കുവാനോഎഴുതുവാനോവരയ്ക്കുവാനോപാടില്ല

(vi) നടപ്പാതയിലും റോഡുകളുടെ വളവുകളിലും പാലങ്ങളിലും റോഡുകൾക്കു കുറുകെ ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിലും പൊതുജനങ്ങൾക്ക് ശല്യമോ അപകടമോ ഉണ്ടാകുന്ന രീതിയിൽ മറ്റേതെങ്കിലും സ്ഥലത്തും തിരഞ്ഞെടുപ്പ പരസ്യം സ്ഥാപിക്കുവാൻ പാടില്ല. അതുപോലെ വാഹനം ഓടിക്കുന്നവരുടെ ശ്രദ്ധതിരിക്കുന്ന തരത്തിലുള്ള പരസ്യങ്ങളോ ഹോർഡിംഗുകളോ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ സ്ഥാപിക്കാൻ പാടില്ല.

(vii) പൊതു ജനങ്ങളുടെയോ മറ്റു വാഹനങ്ങളുടെയോ സുരക്ഷയ്ക്ക് ഭീഷണി ഉണ്ടാകുന്ന വിധത്തിൽ തിരഞ്ഞെടുപ്പ പരസ്യം വാഹനങ്ങളിൽ സ്ഥാപിക്കുവാനോ പ്രദർശിപ്പിക്കുവാനോ പാടില്ല.

(viii) ബന്ധപ്പെട്ട അധികാരികളുടെ രേഖാമൂലമുള്ള മുൻകൂർ അനുമതിയില്ലാതെ പൊതു സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിലോ വസ്തുവകകളിലോ ഇലക്ട്രിക് പോസ്റ്റുകളിലോ മൊബൈൽ ടവറുകളിലോ ടെലഫോൺ പോസ്റ്റുകളിലോ തിരഞ്ഞെടുപ്പ പരസ്യം സ്ഥാപിക്കുവാനോ പതിക്കുവാനോ വരയ്ക്കുവാനോ എഴുതുവാനോ പാടില്ല.

(iX) തിരഞ്ഞെടുപ്പ് പരസ്യത്തിനായി സ്ഥാനാർത്ഥികളും രാഷ്ട്രീയകക്ഷികളും പരിസ്ഥിതി സൗഹൃദവും മണ്ണിൽ അലിഞ്ഞു ചേരുന്നതും പുന:ചംക്രമണം ചെയ്യാൻ കഴിയുന്നതുമായ വസ്തുക്കൾ മാത്രമേ ഉപയോഗിക്കുവാൻ പാട്ടുള്ളൂ.

(X) തിരഞ്ഞെടുപ്പ്പരസ്യം സ്ഥാപിക്കുന്നതിനായി പ്ലാസ്റ്റിക് പേപ്പറുകൾ, പ്ലാസ്റ്റിക് നൂലുകൾ, പ്ലാസ്റ്റിക് റിബണുകൾ എന്നിവ ഉപയോഗിക്കുവാൻ പാടില്ല.

(Xi) തിരഞ്ഞെടുപ്പ് പ്രചരണത്തിനായി രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും പ്ലാസ്റ്റിക്, പി.വി.സി തുടങ്ങിയ വസ്തുക്കൾ കൊണ്ടുണ്ടാക്കിയ ബോർഡുകൾ, ബാനറുകൾ, കൊടിതോരണങ്ങൾ ഉപയോഗിക്കുവാൻ പാടില്ല.

(Xii) തിരഞ്ഞെടുപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും കോട്ടൺ തുണി, പേപ്പർ,പോളി എത്തലീൻ തുടങ്ങിയ പ്രകൃതി പരിസ്ഥിതി സൗഹൃദ വസ്തുക്കളും, പുന:ചംക്രമണം ചെയ്യുവാൻ കഴിയുന്ന മറ്റു വസ്തുക്കളും എന്നിവ ഉപയോഗിക്കേണ്ടതാണ്.

(Xiii) വോട്ടെടുപ്പിന് ശേഷം പോളിംഗ് സ്റ്റേഷനുകളിൽ അവശേഷിക്കുന്ന പേപ്പറുകളും മറ്റ് വസ്തുക്കളും നീക്കം ചെയ്യുന്നതിനും അവ നശിപ്പിക്കുന്നതിനുമുള്ള നടപടി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.

(Xiv) വിതരണ സ്വീകരണ വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ വോട്ടെണ്ണലിനു ശേഷം അവശേഷിക്കുന്ന പേപ്പറുകളും മറ്റ് പാഴ് വസ്തുക്കളും നീക്കം ചെയ്യുന്നതിനും നശിപ്പിക്കുന്നതിനുമുള്ള നടപടി അതാത് ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിമാർ, മുനിസിപ്പൽ സെക്രട്ടറിമാർ, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

(Xv) പോളിംഗ്സ്റ്റേഷനുകളിലും വിതരണ സ്വീകരണ വോട്ടെണ്ണൽ കേന്ദ്രങ്ങളിലും വോട്ടെടുപ്പ് വോട്ടെണ്ണൽ ദിവസങ്ങളിൽ പഴയതും ഉപയോഗശൂന്യമായതുമായ ജൈവ അജൈവ വസ്തുക്കൾ വെവ്വേറെ നിക്ഷേപിക്കുന്നതിന് ഓരോ ക്യാരിബാഗുകൾ വീതം ലഭ്യമാക്കുന്നതിന് മേൽപ്പറഞ്ഞ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

(Xvi) മേൽപ്പറഞ്ഞ കേന്ദ്രങ്ങളിൽ ഉപയോഗിച്ച ബയോമെഡിക്കൽ വേസ്റ്റുകളിൽ മാസ്ക്, ഗ്ലൗസ്, എന്നിവ പ്രത്യേകം പ്രത്യേകം ശേഖരിച്ച് സംസ്കരിക്കുന്നതിനായി യഥാക്രമം മഞ്ഞ, ചുവപ്പ് എന്നീ നിറങ്ങളിലെ 2 ക്യാരി ബാഗുകൾ കൂടി മേൽ പറഞ്ഞ സെക്രട്ടറിമാർ ലഭ്യമാക്കേണ്ടതും ശാസ്ത്രീയ രീതിയിൽ സംസ്കരിക്കുന്നത് തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

(Xvii) വോട്ടെടുപ്പ് അവസാനിച്ചാൽ ഉടൻ തന്നെ അതാത് സ്ഥാനാർത്ഥികളും രാഷ്ട്രീയകക്ഷികളും തിരഞ്ഞെടുപ്പ് പരസ്യം നീക്കം ചെയ്ത് നശിപ്പിക്കുകയോ പുന:ചംക്രമണം ചെയ്യുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുകയോ ചെയ്യേണ്ടതാണ്. ഇപ്രകാരം നീക്കം ചെയ്യുന്നില്ലെങ്കിൽ വോട്ടെടുപ്പ് അവസാനിച്ച് അഞ്ചു ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി പ്രസ്തുത പരസ്യം നീക്കം ചെയ്ത് നശിപ്പിക്കുന്നതിനോ പുന:ചംക്രമണം നടത്തുന്നതിന് ഏജൻസികൾക്ക് കൈമാറുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതും ഇതിന്റെ ചെലവ് പരസ്യത്തിന്റെ ഗുണഭോക്താവായ സ്ഥാനാർത്ഥിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

(Xviii) പോളിംഗ് സ്റ്റേഷൻ, വിതരണ സ്വീകരണ വോട്ടെണ്ണൽ കേന്ദ്രങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതു സ്വകാര്യ കെട്ടിടങ്ങളിലെ ചുമരുകളിലും പരിസരത്തും ബോധവൽക്കരണത്തിനായി കമ്മീഷന്റെ നിർദ്ദേശാനുസരണം പതിക്കുന്ന പോസ്റ്ററുകളും ബോർഡുകളും മറ്റും നീക്കം ചെയ്ത് വൃത്തിയാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

3) ഈ വിഷയത്തിൽ നിലവിലുള്ളതും ഇനി ഉണ്ടാകുന്നതുമായ നിയമത്തിലെ വ്യവസ്ഥകളും ബഹുമാനപ്പെട്ട കോടതി ഉത്തരവുകളും സർക്കാരിന്റെയും സംസ്ഥാന തിരഞ്ഞെടുപ്പ കമ്മീഷന്റെയും മാർഗ്ഗ നിർദ്ദേശങ്ങളും എല്ലാ സ്ഥാനാർത്ഥികളും വ്യക്തികളും രാഷ്ട്രീയ കക്ഷികളും പാലിക്കേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ,
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ,
എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്കും
എല്ലാ വരണാധികാരികൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ്കോപ്പി

പകർപ്പ്:-

എല്ലാ നോഡൽ ഓഫീസർമാർക്കും
പബ്ലിക് റിലേഷൻസ് ഓഫീസർ
സ്റ്റാന്റിംഗ് കൗൺസിൽ

എല്ലാ സെക്ഷൻ ഓഫീസർമാർക്കും
കമ്പ്യൂട്ടർ പ്രോഗ്രാമർ
എല്ലാ സെക്ഷനുകൾക്കും

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെനടപടിഉത്തരവ്

(ഹാജർ: എ.സന്തോഷ്)

വിഷയം :- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉപതിരഞ്ഞെടുപ്പ്- സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള രേഖകൾ നശിപ്പിക്കുന്നത്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 08.12.16-ലെ ബി-579-2016 സം.തി.ക നമ്പർ ഉത്തരവ്.

2. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 01.04.2019 ലെ ബി1-178-2019 - സം.തി.ക നമ്പർ ഉത്തരവ്.

നം.ബി1/34243/2020/സം.തി.ക　　　　　　　　　　തീയതി: 05.08.2020

## ഉത്തരവ്

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതും, 2018 മാർച്ച് 3 വരെ നടന്ന ഉപതിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ടതുമായ കാലപരിധി പൂർത്തിയാക്കിയ തിരഞ്ഞെടുപ്പ് രേഖകൾ കോടതി കേസുകളോ മറ്റ് വിധത്തിൽ കോടതി ഉത്തരവുകളോ ഇല്ലാത്തപക്ഷം അവ നശിപ്പിക്കാൻ അതാത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ ഏർപ്പാടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് പരാമർശം 1,2 പ്രകാരം കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 2020-ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി മറ്റ് ഉപതിരഞ്ഞെടുപ്പുകളിലെയും സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ള രേഖകൾ ഏറ്റെടുത്ത് നശിപ്പിക്കേണ്ടതുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, കേരള പഞ്ചായത്ത് രാജ് തിരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടം 55 എ(2) ലും കേരള മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പ് നടത്തിപ്പ് ചട്ടം 55 (2) ലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നാളിതുവരെ നടന്ന തിരഞ്ഞെടുപ്പുകളുടെ,സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ളതും ഫലപ്രഖ്യാപനത്തിന് ശേഷം ഒരു വർഷം കാലാവധി പൂർത്തിയാക്കിയിട്ടുള്ളതുമായ, രേഖകൾ കോടതി കേസുകളോ മറ്റ് വിധത്തിൽ കോടതി ഉത്തരവുകളോ ഇല്ലാത്തപക്ഷം നശിപ്പിക്കുന്നതിന് അതാത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോസ്ഥർ ആവശ്യമായ നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

3. മേൽപ്പറഞ്ഞ തിരഞ്ഞെടുപ്പുകളിൽ ഉപയോഗിച്ചതും സുരക്ഷിത സൂക്ഷിപ്പിൽ വച്ചിട്ടുള്ളതും നിശ്ചിതകാലാവധി കഴിഞ്ഞതുമായ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ കൺട്രോൾ യൂണിറ്റുകളും ഡി. എം. എം. (ഡിറ്റാച്ചിബിൾ മെമ്മറി

മോഡ്യൂൾ) കളും തിരികെ എടുത്ത് ബന്ധപ്പെട്ട ജില്ലകളിലെ വെയർഹൗസിൽ ഫസ്റ്റ് ലെവൽ ചെക്കിംഗിനായി സൂക്ഷിക്കേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും

പകർപ്പ്: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ
എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും ,
കംമ്പ്യൂട്ടർ പ്രോഗ്രാമർ (കമ്മീഷന്റെവെബ്-
സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കമ്മീഷണറുടെ പി.എസ്,
കമ്മീഷണറുടെസി.എ,
ഓഫീസ്കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

# പൊതുതിരഞ്ഞെടുപ്പ് 2020

# വോട്ടർപട്ടിക പുതുക്കൽ -കാര്യപരിപാടി

| | |
|---|---|
| മാസ്റ്റർ ട്രെയിനർമാർ മുഖേന ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ജില്ലാതലത്തിൽ പരിശീലനം നൽകേണ്ടത് | 2020 ജനുവരി 13 മുതൽ 15 വരെ |
| ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ രാഷ്ട്രീയ പാർട്ടികളുടെ ജില്ലാതല പ്രതിനിധികളുടെ യോഗം വിളിച്ച് ചേർക്കൽ | 2020 ജനുവരി16 ,17 |
| ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാർ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കൽ | 2020 ജനുവരി20 |
| കരട് വോട്ടർപട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കേണ്ട അവസാനതീയതി | 2020 ഫെബ്രുവരി14 |
| അപേക്ഷകളും ആക്ഷേപങ്ങളും സംബന്ധിച്ച ഹിയറിംഗും അപ്ഡേഷനും പൂർത്തിയാക്കൽ | 2020 ഫെബ്രുവരി25 |
| അന്തിമവോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | 2020 ഫെബ്രുവരി28 |

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ: എ.സന്തോഷ്)

വിഷയം :- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതുതിരഞ്ഞെടുപ്പ്- 17.06.2020 ൽ പ്രസിദ്ധീകരിച്ച വോട്ടർപട്ടിക വീണ്ടും പുതുക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04.01.2020, 07.03.2020, 08.06.2020, 26.06.2020 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.

നം.ബി1/ 30139/2019/സം.തി.ക തീയതി:04.08.2020

ഉത്തരവ്

സംസ്ഥാനത്തെ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും 2020-ൽ പൊതുതിരഞ്ഞെടുപ്പ് നടത്തുന്ന ആവശ്യത്തിലേയ്ക്ക് വോട്ടർപട്ടിക പുതുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ച് കമ്മീഷൻ 04.01.2020-ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതനുസരിച്ച് 20.01.2020-ൽ പ്രസിദ്ധീകരിച്ച കരട് വോട്ടർപട്ടിക സംബന്ധിച്ച് ലഭിച്ച അപേക്ഷകളിലും ആക്ഷേപങ്ങളിലും മേൽ തുടർ നടപടി സ്വീകരിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഭേദഗതി പട്ടിക സഹിതമുള്ള വോട്ടർപട്ടിക 17.06.2020-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

മേൽപ്പറഞ്ഞപ്രകാരം പ്രസിദ്ധീകരിച്ച വോട്ടർപട്ടികയിലെ ഉൾക്കുറിപ്പുകളിൽ ഭേദഗതികളോ ഒഴിവാക്കലുകളോ വരുത്തുന്നതിനും വോട്ടർപട്ടികയിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്തവർക്ക് പുതിയതായി പേര് ചേർക്കുന്നതിനും വീണ്ടും അവസരം നൽകാൻ കമ്മീഷൻ തീരുമാനിച്ചിരിക്കുകയാണ്. മേൽ സാഹചര്യത്തിൽ 17.06.2020 ൽ പ്രസിദ്ധീകരിച്ച വോട്ടർപട്ടികയിലെ അടിസ്ഥാന പട്ടികയും സപ്ലിമെന്ററി പട്ടികകളും സംയോജിപ്പിച്ച്കൊണ്ട് കരട് വോട്ടർപട്ടിക 12.08.2020 ൽ പ്രസിദ്ധീകരിക്കേണ്ടതും അവ സംബന്ധിച്ച് ലഭിക്കുന്ന അപേക്ഷകളിലും ആക്ഷേപങ്ങളിലും മേൽ **അനുബന്ധമായി ചേർത്തിട്ടുള്ള** സമയക്രമത്തിനും പരാമർശ ഉത്തരവിലെ മറ്റ് നിർദ്ദേശങ്ങൾക്കും വിധേയമായി തുടർനടപടി സ്വീകരിച്ച് അന്തിമ വോട്ടർപട്ടിക 26.09.2020-ന് പ്രസിദ്ധീകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു. അതോടൊപ്പം 20.01.2020 ൽ പ്രസിദ്ധീകരിച്ച കരട് വോട്ടർപട്ടിക സംബന്ധിച്ച് നേരിട്ടോ തപാലിലൂടെയോ ലഭിച്ചതും ഇനിയും തീർപ്പാക്കാത്തതുമായ ഫാറം 5 ലെ

ആക്ഷേപങ്ങളിൻമേൽ കൂടി നിശ്ചിത സമയപരിധിക്കുള്ളിൽ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി

പകർപ്പ്: പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്, കമ്മീഷണറുടെ സി.എ
ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

- വോട്ടർപട്ടിക പുതുക്കുന്നത് സംബന്ധിച്ച കാര്യപരിപാടി ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കേണ്ട തീയതി | : 12.08.2020 (ബുധൻ) |
| കരട് വോട്ടർ പട്ടികയിൻമേലുള്ള അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കേണ്ട അവസാനതീയതി | : 26.08.2020 (ബുധൻ) |
| ഹിയറിംഗും അപ്ഡേഷനും പൂർത്തിയാക്കേണ്ട തീയതി | : 23.09.2020 (ബുധൻ) |
| അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കേണ്ട തീയതി | : 26.09.2020 (ശനി) |

- 20.01.2020 ൽ പ്രസിദ്ധീകരിച്ച കരട് പട്ടികയിൻമേൽ ഇനിയും തീർപ്പാക്കാനുള്ള ആക്ഷേപങ്ങൾ (ഫാറം 5) സംബന്ധിച്ച ഹിയറിംഗ് 17.08.2020 മുതൽ ആരംഭിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി ആക്ഷേപകർക്കും ആർക്കെതിരെയാണോ ആക്ഷേപം ഉന്നയിച്ചത് അവർക്കും നിയമാനുസൃത നോട്ടീസ് 6/8/2020 മുതൽ തന്നെ അയക്കേണ്ടതാണ്.
- അപേക്ഷകളും ആക്ഷേപങ്ങളും സംബന്ധിച്ചുള്ള ഹിയറിംഗും മറ്റ് തുടർനടപടികളും സർക്കാർ പുറപ്പെടുവിക്കുന്ന കോവിഡ് പ്രോട്ടോക്കോൾ കർശനമായി പാലിച്ച് വേണം നടത്തേണ്ടത്.
- ഹിയറിംഗ് വേളയിൽ ആൾക്കൂട്ടം ഒഴിവാക്കുന്നതിനും സാമൂഹ്യ അകലം പാലിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഹിയറിംഗ് സമയം നിശ്ചിത ഇടവേളകളിൽ പ്രത്യേകം ക്രമീകരിക്കേണ്ടതുമാണ്.
- 17.06.2020 ൽ പ്രസിദ്ധീകരിച്ച വോട്ടർപട്ടികയിൽ മരണപ്പെട്ടവർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ പേരുവിവരം ആഗസ്റ്റ് 12ന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ആക്ഷേപങ്ങൾ ഒന്നും ലഭിക്കുന്നില്ലായെങ്കിൽ അവരുടെ പേരുവിവരം വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ സ്വമേധയാ നടപടി സ്വീകരിക്കേണ്ടതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 17.06.2020 ൽ പ്രസിദ്ധീകരിച്ച പ്രവാസിഭാരതീയരുടെ വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് 12.08.2020 മുതൽ ലഭിക്കുന്ന അപേക്ഷകളിൻമേലും ഉചിത നടപടി സ്വീകരിച്ച് വേണം അന്തിമ വോട്ടർപട്ടിക 26.09.2020 ന് പ്രസിദ്ധീകരിക്കേണ്ടത്.

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ: എ.സന്തോഷ്)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതുതിരഞ്ഞെടുപ്പ്- പോളിംഗ് സ്റ്റേഷനുകളുടെ പുനക്രമീകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നം.ബി1/ 32214/2019/സം.തി.ക തീയതി :23.06.2020

## ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 2020 ലെ പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി നിലവിലുള്ള പോളിംഗ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ പുനക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മട്ടന്നൂർ നഗരസഭ ഒഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലുള്ള പോളിംഗ്സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ നേരിട്ട് പരിശോധിച്ച് ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിശ്ചിത പ്രൊഫോർമയിൽ റിപ്പോർട്ട് സമർപ്പിക്കാൻ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയും ജില്ലയിലെ പ്രസ്തുത പ്രവൃത്തി മോണിറ്റർ ചെയ്യുന്നതിന് പഞ്ചായത്തുകളെ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെയും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളെ സംബന്ധിച്ച് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാരെയും ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

പോളിംഗ്സ്റ്റേഷൻ പുനക്രമീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി പുറപ്പെടുവിക്കുന്നു.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ,സി

പകർപ്പ്: പഞ്ചായത്ത് ഡയറക്ടർ

നഗരകാര്യ ഡയറക്ടർ

എല്ലാ ബ്ലോക്ക്, ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും,

എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും(മോണിറ്റർ ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതിനായി)

കമ്മീഷണറുടെ പി.എസ്,

കമ്മീഷണറുടെ സി.എ

ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

## 2020 പൊതുതിരഞ്ഞെടുപ്പ് - പോളിംഗ്സ്റ്റേഷനുകളുടെപുന:ക്രമീകരണം

## മാർഗ്ഗനിർദ്ദേശങ്ങൾ

1) ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ നിലവിലുള്ള എല്ലാ പോളിംഗ്സ്റ്റേഷനുകളും സന്ദർശിച്ച് അവയുടെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിച്ച് വിവരങ്ങൾ പ്രൊഫോർമ 1 ൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
2) പ്രസ്തുത പ്രൊഫോർമ Excel Worksheet ൽ വേണം തയ്യാറാക്കേണ്ടത്. ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളെ സംബന്ധിച്ച് ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കുമാണ് സെക്രട്ടറിമാർ റിപ്പോർട്ട് ലഭ്യമാക്കേണ്ടത്.
3) ഡെപ്യൂട്ടി കളക്ടർമാരും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിച്ച് മാറ്റം ആവശ്യമുള്ള പോളിംഗ്സ്റ്റേഷനുകളുടെ ക്രോഡീകരിച്ച റിപ്പോർട്ട് സഹിതം ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.
4) ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യാഗസ്ഥൻ പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിച്ച് നിലവിലുള്ള എല്ലാ പോളിംഗ് സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതും അത് സംബന്ധിച്ച റിപ്പോർട്ട് കമ്മീഷന് ലഭ്യമാക്കേണ്ടതുമാണ്.
5) പുതിയ പോളിംഗ്സ്റ്റേഷൻ സ്ഥാപിക്കുകയോ നിലവിലെ പോളിംഗ്സ്റ്റേഷൻ മാറ്റം വരുത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട തദ്ദേശസ്ഥാപനത്തിലെ രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗം ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ വിളിച്ചുചേർത്ത് അവയുടെ അനിവാര്യത ബോദ്ധ്യപ്പെടുത്തേണ്ടതാണ്.
6) പുതിയ പോളിംഗ്സ്റ്റേഷൻ സ്ഥാപിക്കുകയോ നിലവിലെ പോളിംഗ്സ്റ്റേഷനിൽ മാറ്റം വരുത്തുകയോ ചെയ്യുന്ന പക്ഷം ഇതിലേയ്ക്ക് പുതുതായി നിശ്ചയിക്കുന്ന കെട്ടിടത്തിന്റെ വിവരങ്ങൾ പ്രൊഫോർമ 2 ൽ തയ്യാറാക്കി ജില്ലാതിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്.
7) മേൽപ്പറഞ്ഞപ്രകാരം പുതിയ പോളിംഗ്സ്റ്റേഷൻ നിശ്ചയിക്കുമ്പോൾ ചുവടെ പറയുന്നവ അടിസ്ഥാനമാക്കേണ്ടതാണ്.

a) നിലവിലുള്ള പോളിംഗ്സ്റ്റേഷൻ കെട്ടിടങ്ങൾ പൊളിഞ്ഞ് പോവുകയോ ഏതെങ്കിലും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുകയോ ചെയ്താൽ

b) സ്വകാര്യകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പോളിംഗ്സ്റ്റേഷനുകൾക്ക് 500 മീറ്റർ ചുറ്റളവിൽ സർക്കാർ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ ലഭ്യമാണെങ്കിൽ

c) നിലവിലുള്ള പോളിംഗ്സ്റ്റേഷനുകൾ സൗകര്യം കുറഞ്ഞ കെട്ടിടങ്ങളിൽ പ്രവർത്തിക്കുകയോ വോട്ടർമാർക്ക് പോളിംഗ്സ്റ്റേഷനിൽ എത്തിപ്പെടാൻ അസൗകര്യങ്ങൾ ഉണ്ടെങ്കിലോ

d) നിലവിലുള്ള പോളിംഗ് സറ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരിക്കുകയും 500 മീറ്റർ ചുറ്റളവിൽ സൗകര്യപ്രദമായ പൊതുകെട്ടിടം ലഭ്യമാവുകയും ചെയ്താൽ

e) ഒരു പോളിംഗ്സ്റ്റേഷനിൽ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് പരമാവധി 1200 വോട്ടർമാരും മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് 1500 വോട്ടർമാരും

8) മേൽപ്പറഞ്ഞപ്രകാരം പോളിംഗ്സ്റ്റേഷനുകളിൽ പുനക്രമീകരണം വരുത്തുമ്പോൾ നിലവിലുള്ള പോളിംഗ്സ്റ്റേഷനുകളുടെ എണ്ണം കഴിയുന്നതും വർദ്ധിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

9) പോളിംഗ്സ്റ്റേഷനുകളിൽ എത്തിപ്പെടാനുള്ള അസൗകര്യം, സൗകര്യമുള്ളകെട്ടിടങ്ങൾ ഒഴിവാക്കി സൗകര്യം കുറഞ്ഞ കെട്ടിടങ്ങളിൽ പോളിംഗ്സ്റ്റേഷൻ ഏർപ്പെടുത്തുന്നു എന്നീ പരാതികളും പരിഗണിക്കണം.

10) മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ചുവടെപ്പറയുന്ന സമയക്രമം പാലിക്കേണ്ടതാണ്.

a. തദ്ദേശസ്ഥാപനങ്ങളിലെ സെക്രട്ടറിമാർ ഫീൽഡ്പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടത്. -29.06.2020
b. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/ ഡെപ്യൂട്ടി കളക്ടർ എന്നിവർ ക്രോഡീകരിച്ച റിപ്പോർട്ട് ജില്ലാതിരഞ്ഞെടുപ്പ് ഉദ്യാഗസ്ഥന് സമർപ്പിക്കേണ്ടത്. -02.07.2020
c. ജില്ലാതിരഞ്ഞെടുപ്പ് ഉദ്യാഗസ്ഥൻ കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കേണ്ടത്. -07.07.2020

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ

(ഹാജർ : എ. സന്തോഷ്)

വിഷയം:- സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷൻ - 2020 ലെ പൊതു തിരഞ്ഞെടുപ്പ്– അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നത് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04.01.2020 ലെ ബി1-30139-2019 - സം.തി.ക നമ്പർ ഉത്തരവ്.

2. കമ്മീഷന്റെ 07.03.2020, 21.03.2020 എന്നീ തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.

ഉത്തരവ് നം: ബി1-30139-2019 സംതിക തീയതി: 08.06.2020

### ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള 2020 ലെ പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർപട്ടിക പുതുക്കുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് സൂചന 1 പ്രകാരം കമ്മീഷൻ നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന വോട്ടർപട്ടിക **2020 ജനുവരി 20** ന് കരടായി പ്രസിദ്ധീകരിക്കുകയും അതിൻമേലുള്ള അപേക്ഷകളും ആക്ഷേപങ്ങളും **2020 മാർച്ച് 16-ാം തീയതി വരെ** അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സ്വീകരിക്കുകയും ചെയ്തിരുന്നു. അത്തരത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിലും ആക്ഷേപങ്ങളിലുമേൽ തുടർനടപടി സ്വീകരിച്ച് അന്തിമ വോട്ടർപട്ടിക കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ **മാർച്ച് 27**നും കാസർഗോഡ് ജില്ലയിൽ **ഏപ്രിൽ 06**നും പ്രസിദ്ധീകരിക്കാൻ കമ്മീഷൻ നിശ്ചയിച്ചിരുന്നെങ്കിലും രാജ്യത്ത് കോവിഡ് 19 വൈറസ് വ്യാപനം മൂലം ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ അവയുടെ പ്രസിദ്ധീകരണം മാറ്റി വയ്ക്കുകയുണ്ടായി.

സംസ്ഥാനത്ത് നിലവിലുള്ള തദ്ദേശ ഭരണസമിതികളുടെ കാലാവധി **2020 നവംബർ 11** ന് അവസാനിക്കുന്ന സാഹചര്യത്തിൽ അതിന് മുമ്പ് പൊതു തിരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്. ഇതിനായി വോട്ടർമാരുടെ എണ്ണത്തിന് ആനുപാതികമായി പോളിംഗ് സ്റ്റേഷൻ നിശ്ചയിക്കൽ തുടങ്ങിയ തിരഞ്ഞെടുപ്പിന്റെ പ്രാരംഭ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതുണ്ട്.

മേൽ സാഹചര്യത്തിൽ **ജനുവരി 20** ന് കരടായി പ്രസിദ്ധീകരിച്ച വോട്ടർ പട്ടിക സംബന്ധിച്ച് **മാർച്ച് 16** വരെ ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാത്തവയുണ്ടെങ്കിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് അവ സംബന്ധിച്ച തുടർനടപടി **2020 ജൂൺ 15**നകം പൂർത്തിയാക്കാനും, അന്തിമ വോട്ടർപട്ടിക **17/06/2020** തീയതി പ്രസിദ്ധീകരിക്കാനും എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരോടും നിർദ്ദേശിക്കുന്നു.

മേൽപ്പറഞ്ഞ പ്രകാരം ലഭിച്ചിട്ടുള്ള അപേക്ഷകൾ സംബന്ധിച്ച് എന്തെങ്കിലും രേഖകൾ (ഫോട്ടോ ഉൾപ്പെടെ) ആവശ്യമായി വരുന്ന പക്ഷം അവ **ജൂൺ 11** -ാം തീയതി വരെ നേരിട്ടോ മറ്റോ സമർപ്പിക്കുന്നതിന് വോട്ടർമാർക്ക് അവസരം നൽകേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ,സി

പകർപ്പ്: പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്, കമ്മീഷണറുടെ സി.എ
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്
**(ഹാജർ: സജിത പി.പി)**

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- 2020 ലെ വോട്ടർപട്ടിക അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്നത് – സമയക്രമം- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കമ്മീഷന്റെ 04.01.2020 ലെ ബി1/ 30139/2019/സം.തി.ക നമ്പർ ഉത്തരവ്.

2. കമ്മീഷന്റെ 07/03/2020 ലെ ബി1/ 30139/2019/സം.തി.ക നമ്പർ ഉത്തരവ്.

നം.ബി1/ 30139/2019/സം.തി.ക തീയതി : 21.03.2020

### ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലെ വോട്ടർപട്ടിക ജനുവരി 20 ന് കരടായി പ്രസിദ്ധീകരിക്കുന്നതിനും ഫെബ്രുവരി 14 വരെ ലഭിക്കുന്ന അപേക്ഷകളിലും ആക്ഷേപങ്ങളിലുംമേൽ തുടർനടപടി സ്വീകരിച്ച് അന്തിമ വോട്ടർപട്ടിക ഫെബ്രുവരി 28 ന് പ്രസിദ്ധീകരിക്കുന്നതിനും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരോട് പരാമർശം (1) പ്രകാരം കമ്മീഷൻ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ സമയക്രമം ഭേദഗതി വരുത്തി, കരട് പട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും മാർച്ച് 16 വരെ സ്വീകരിക്കുന്നതിനും അവ സംബന്ധിച്ച് മാർച്ച് 23 വരെ തുടർനടപടി സ്വീകരിച്ച് അന്തിമ വോട്ടർപട്ടിക മാർച്ച് 25 ന് പ്രസിദ്ധീകരിക്കുന്നതിനും പരാമർശം (2) പ്രകാരം കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്ത് കോവിഡ് 19 വൈറസ് വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ജാഗ്രതാ നിർദ്ദേശങ്ങളിൽ സർക്കാർ ഒഫീസുകൾക്ക് അവധി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ കാസർഗോഡ് ഒഴികെയുള്ള മറ്റ് ജില്ലകളിലെ കരട് വോട്ടർപട്ടിക സംബന്ധിച്ച അപേക്ഷകളിലും ആക്ഷേപങ്ങളിലും മേൽ ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർനടപടി സ്വീകരിക്കേണ്ട അവസാന തീയതി മാർച്ച് 25 ആയും അന്തിമ പട്ടിക പ്രസിദ്ധീകരിക്കേണ്ട തീയതി മാർച്ച് 27 ആയും പുന:ക്രമീകരിച്ച് ഉത്തരവാകുന്നു. കാസർഗോഡ് ജില്ലയിൽ അത്തരത്തിലുള്ള തുടർനടപടി ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാർ ഏപ്രിൽ 3 ന് പൂർത്തിയാക്കി അന്തിമ വോട്ടർപട്ടിക ഏപ്രിൽ 6 ന് പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശിക്കുന്നു.

സജിത.പി.പി
സെക്രട്ടറി (i/c)

എല്ലാ ഇലക്ടൽ രജിസ്ട്രേഷൻ ഉദ്യോഗസ്ഥർക്കും

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ്  ഉദ്യോഗസ്ഥർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
പകർപ്പ്:

പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്
(ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
സ്റ്റാന്റിംഗ് കൗൺസിൽ
എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്, കമ്മീഷണറുടെ സി.എ
ഓഫീസ് കോപ്പി

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ: എ.സന്തോഷ്)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- തിരുവനന്തപുരം കോർപ്പറേഷൻ - വോട്ടർപട്ടിക പുതുക്കൽ- അഡീഷണൽ സെക്രട്ടറിക്ക് ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസറുടെ ചുമതല തിരികെ നൽകി ഉത്തരവാകുന്നു.

പരാമർശം:- 1.കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04/01/2020 ലെ ബി1/ 30139/2019/സം.തി.ക നമ്പർ ഉത്തരവ്.

2.കമ്മീഷന്റെ 30.01.2020 ലെ ബി2/ 311211/2020/സം.തി.ക നമ്പർ ഉത്തരവ്

3.തിരുവനന്തപുരം നഗരസഭ സെക്രട്ടറിയുടെ 11.03.2020 ലെ ജി.എ.4/103911/19 നമ്പർ കത്ത്.

നം.ബി2/ 311211/2020/സം.തി.ക    തീയതി : 12.03.2020

### ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2020 ലെ പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്ക് കരട് വോട്ടർപട്ടിക ജനുവരി 20 ന് പ്രസിദ്ധീകരിച്ച് തുടർനടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാരോട് പരാമർശം 1 പ്രകാരം നിർദ്ദേശിച്ചിരുന്നു. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസറായ അഡീഷണൽ സെക്രട്ടറി അവധിയിൽ പ്രവേശിച്ചതിനാൽ ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസറുടെ ചുമതല നഗരസഭാ സെക്രട്ടറിക്ക് നൽകി പരാമർശം 2 പ്രകാരം കമ്മീഷൻ ഉത്തരവുപുറപ്പെടുവിച്ചിരുന്നു. നഗരസഭയുടെ അഡീഷണൽ സെക്രട്ടറി 10.03.2020 മുതൽ ചാർജ് എടുത്തിട്ടുള്ളതായി പരാമർശം 3 ലെ നഗരസഭാ സെക്രട്ടറിയുടെ കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ നഗരസഭയിലെ ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസറുടെ ചുമതല അഡീഷണൽ സെക്രട്ടറിക്ക് തിരികെ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ.സന്തോഷ്
സെക്രട്ടറി

നഗരസഭാ സെക്രട്ടറി

പകർപ്പ്: നഗരകാര്യ ഡയറക്ടർക്ക്
എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്, കമ്മീഷണറുടെ സി.എ
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ: എ.സന്തോഷ്)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതുതിരഞ്ഞെടുപ്പ്- വോട്ടർപട്ടിക പുതുക്കുന്നത് – സമയം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04.01.2020 ലെ ബി1/ 30139/2019/സം.തി.ക നമ്പർ ഉത്തരവ്.

2. കമ്മീഷന്റെ 13/02/2020 ലെ ബി1/ 30138/2019/സം.തി.ക നമ്പർ കത്ത്.

3. ബഹു. സുപ്രീം കോടതിയുടെ 06.03.2020 ലെ ഇടക്കാല ഉത്തരവ്

നം.ബി1/ 30139/2019/സം.തി.ക തീയതി : 07.03.2020

## ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതുതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർപട്ടിക പുതുക്കുവാൻ സൂചന 1 പ്രകാരം കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ബഹു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ വോട്ടർ പട്ടിക പുതുക്കുന്നത് നിർത്തിവെയ്ക്കാൻ സൂചന 2 കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. ബഹു. ഹൈക്കോടതി വിധി, ബഹു. സുപ്രീം കോടതിയിൽ നിന്നും സ്റ്റേ ചെയ്തിട്ടുള്ളതിനാൽ, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് താഴെ പറയും പ്രകാരം വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടികൾ പുനരാരംഭിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ച് ഉത്തരവുപുറപ്പെടുവിക്കുന്നു. പുതുക്കിയ സമയക്രമം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | വോട്ടർപട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും സമർപ്പിക്കേണ്ടത് | 2020 മാർച്ച് 8 മുതൽ 2020 മാർച്ച് 16 വൈകുന്നേരം 5 മണിവരെ |
| 2. | അപേക്ഷകളും ആക്ഷേപങ്ങളും സംബന്ധിച്ച നടപടികൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പൂർത്തിയാക്കേണ്ടത് | 2020 മാർച്ച് 23 |
| 3. | അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കേണ്ടത് | 2020 മാർച്ച് 25 |

13.02.2020 മുതൽ 25.02.2020 വരെ നടക്കാതെപോയ ഹിയറിംഗിന്റെ പുതുക്കിയ തീയതി അറിയുന്നതിന് അപേക്ഷകർ www.lsgelection.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കേണ്ടതാണ്. പ്രസ്തുത തീയതി സംബന്ധിച്ച വിവരം ബൾക്കായി ഡൗൺലോഡ് ചെയ്യുന്നതിനുള്ള ഓപ്ഷൻ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ ലോഗിനിൽ ലഭ്യമാണ്. പ്രസ്തുത ലിസ്റ്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പ്രിന്റ് എടുത്ത് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി

പകർപ്പ്: പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്, കമ്മീഷണറുടെ സി.എ
ഓഫീസ് കോപ്പി

**അനുബന്ധം**

**പൊതുതിരഞ്ഞെടുപ്പ് 2020**

**വോട്ടർപട്ടിക പുതുക്കൽ - കാര്യപരിപാടി**

| | |
|---|---|
| മാസ്റ്റർ ട്രെയിനർമാർ മുഖേന ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ജില്ലാതലത്തിൽ പരിശീലനം നൽകേണ്ടത് | 2020 ജനുവരി 13 മുതൽ 15 വരെ |
| ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ രാഷ്ട്രീയ പാർട്ടികളുടെ ജില്ലാതല പ്രതിനിധികളുടെ യോഗം വിളിച്ച് ചേർക്കൽ | 2020 ജനുവരി 16 , 17 |
| ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കൽ | 2020 ജനുവരി 20 |
| കരട് വോട്ടർപട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കേണ്ട അവസാന തീയതി | 2020 ഫെബ്രുവരി 14 |
| അപേക്ഷകളും ആക്ഷേപങ്ങളും സംബന്ധിച്ച ഹിയറിംഗും അപ്ഡേഷനും പൂർത്തിയാക്കൽ | 2020 ഫെബ്രുവരി 25 |
| അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | 2020 ഫെബ്രുവരി 28 |

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ: എ.സന്തോഷ്)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- തിരുവനന്തപുരം കോർപ്പറേഷൻ - വോട്ടർപട്ടിക പുതുക്കൽ- ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസറുടെ ചുമതല നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 04/01/2020 ലെ ബി1/ 30139/2019/സം.തി.ക നമ്പർ ഉത്തരവ്.

2. തിരുവനന്തപുരം നഗരസഭയുടെ 13.01.2020 ലെ ജി.എ.4/103911/19 നമ്പർ ഉത്തരവ്

നം.ബി2/ 311211/2020/സം.തി.ക തീയതി : 30.01.2020

## ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2020 ലെ പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്ക് കരട് വോട്ടർപട്ടിക ജനുവരി 20 ന് പ്രസിദ്ധീകരിച്ച് തുടർനടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർമാരോട് പരാമർശം 1 പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസറായ അഡീഷണൽ സെക്രട്ടറി അവധിയിൽ പ്രവേശിച്ചതിനാൽ നഗരസഭയിലെ ഡെപ്യൂട്ടി സെക്രട്ടറിക്ക് ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസറുടെ അധികചുമതല നൽകി പരാമശം 2 പ്രകാരം നഗരസഭാ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. പൊതുതിരഞ്ഞെടുപ്പിന്റെ ആവശ്യാർത്ഥം നഗരസഭിലെ മുഴുവൻ വാർഡുകളിലേയ്ക്കും വോട്ടർപട്ടിക പുതുക്കേണ്ടതിന്റെ ഗൗരവം പരിഗണിച്ച് ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസറുടെ ചുമതല ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നഗരസഭാ സെക്രട്ടറിക്ക് നൽകി ഉത്തരവാകുന്നു.

എ.സന്തോഷ്
സെക്രട്ടറി

നഗരസഭാ സെക്രട്ടറി

പകർപ്പ്: നഗരകാര്യ ഡയറക്ടർക്ക്
എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്, കമ്മീഷണറുടെ സി.എ
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ നടപടി ഉത്തരവ്

(ഹാജർ: എ.സന്തോഷ്)

വിഷയം:- കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള 2020 ലെ പൊതുതിരഞ്ഞെടുപ്പ്- വോട്ടർപട്ടിക പുതുക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 03/7/14 ലെ 337/2014/സം.തി.ക നമ്പർ ഉത്തരവ്.
2. 07.01.2017 ൽ കമ്മീഷനിൽ വച്ച് നടന്ന യോഗ തീരുമാനം

നം.ബി1/ 30139/2019/സം.തി.ക    തീയതി : 04.01.2020

## ഉത്തരവ്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുതിരഞ്ഞെടുപ്പുകൾക്കും ഉപതിരഞ്ഞെടുപ്പുകൾക്കും ഉപയോഗിക്കുന്ന ആവശ്യത്തിലേയ്ക്കായി വോട്ടർപട്ടികയുടെ ഒരു ഡാറ്റാബേസ് തയ്യാറാക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പരാമർശം 1 ലെ ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നു. അതനുസരിച്ച് 2014 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഉപയോഗിച്ച അസംബ്ലി ബൂത്ത്തല വോട്ടർപട്ടിക ഹൗസ് വെരിഫിക്കേഷൻ ഓഫീസർമാർ മുഖേന ഫീൽഡ് വെരിഫിക്കേഷൻ നടത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡ് തലത്തിൽ ഡാറ്റാ ബേസ് തയ്യാറാക്കിയിരുന്നു. അത്തരത്തിൽ തയ്യാറാക്കിയ ഡാറ്റാബേസ് അടിസ്ഥാന പട്ടികയായി പ്രസിദ്ധീകരിച്ച് കുറ്റമറ്റ രീതിയിൽ പുതുക്കുകയും അവ 2015 ലെ പൊതുതിരഞ്ഞെടുപ്പിൽ ഉപയോഗിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പൊതുതിരഞ്ഞെടുപ്പിന് ശേഷം നാളിതുവരെ നടന്നിട്ടുള്ള എല്ലാ ഉപതിരഞ്ഞെടുപ്പുകളിലും 2015 ലെ വോട്ടർപട്ടികയാണ് അടിസ്ഥാനപട്ടികയായി ഉപയോഗിച്ചിരുന്നത്.

2. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കും 2020 ഒക്ടോബർ - നവംബർ മാസത്തിൽ പൊതുതിരഞ്ഞെടുപ്പ് നടത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി 941 ഗ്രാമപഞ്ചായത്തുകളിലെ 15962 വാർഡുകളിലേയും 152 ബ്ലോക്ക് പഞ്ചായത്തുകളിലെ 2076 വാർഡുകളിലേയും 14 ജില്ലാ പഞ്ചായത്തിലെ 331 വാർഡുകളിലേയും 86 മുനിസിപ്പാലിറ്റികളിലെ 3086 വാർഡുകളിലേയും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലെ 414 വാർഡുകളിലേയും വോട്ടർപട്ടിക പുതുക്കുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്ദേശിക്കുന്നു.

3. 2020 ലെ പൊതുതിരഞ്ഞെടുപ്പിന് മുന്നോടിയായി 2015 ലെ പൊതുതിരഞ്ഞെടുപ്പിനോ അതിന് ശേഷം നടന്ന ഉപതിരഞ്ഞെടുപ്പുകൾക്കോ ഉപയോഗിച്ച വോട്ടർപട്ടിക അടിസ്ഥാനപട്ടികയായി പ്രസിദ്ധീകരിച്ച് പുതുക്കുന്നതിന് പരാമർശം 2 പ്രകാരം തീരുമാനിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡ് പുനർവിഭജനം ഉണ്ടാകുന്ന സാഹചര്യത്തിൽ അവ പൂർത്തിയാകുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പ്രകാരം പുതുക്കുന്ന വോട്ടർപട്ടിക പുതിയ വാർഡുകളെ അടിസ്ഥാനമാക്കി പുന:ക്രമീകരിച്ച് വീണ്ടും പ്രസിദ്ധീകരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

4. മേൽ വിവരിച്ച സാഹചര്യങ്ങളിൽ സംസ്ഥാനത്തെ മട്ടന്നൂർ മുനിസിപ്പാലിറ്റി ഒഴികെയുള്ള എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും 2020 ലെ പൊതുതിരഞ്ഞെടുപ്പ് നടത്തുന്ന ആവശ്യത്തിലേയ്ക്ക്, 2015 ന് ശേഷം ഉപതിരഞ്ഞെടുപ്പ് നടന്ന വാർഡുകളിൽ അതിനായി ഉപയോഗിച്ച വോട്ടർപട്ടികയും മറ്റ് വാർഡുകളിൽ 2015 ലെ വോട്ടർപട്ടികയും അടിസ്ഥാന പട്ടികയായി പ്രസിദ്ധീകരിച്ച് അനുബന്ധം 1 ലും, 2 ലും ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് പുതുക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും
എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ നഗരകാര്യ ജോയിന്റ് ഡയറക്ടർമാർക്കും
സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസർ, എൻ.ഐ.സി

പകർപ്പ്: പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
എല്ലാ ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർമാർക്കും
എല്ലാ നോഡൽ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
കമ്മീഷണറുടെ പി.എസ്, കമ്മീഷണറുടെ സി.എ
ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പൊതുതിരഞ്ഞെടുപ്പ് 2020

## വോട്ടർപട്ടിക പുതുക്കൽ - കാര്യപരിപാടി

| | |
|---|---|
| മാസ്റ്റർ ട്രെയിനർമാർ മുഖേന ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ജില്ലാതലത്തിൽ പരിശീലനം നൽകേണ്ടത് | 2020 ജനുവരി 13 മുതൽ 15 വരെ |
| ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ രാഷ്ട്രീയ പാർട്ടികളുടെ ജില്ലാതല പ്രതിനിധികളുടെ യോഗം വിളിച്ച് ചേർക്കൽ | 2020 ജനുവരി 16 , 17 |
| ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കൽ | 2020 ജനുവരി 20 |
| കരട് വോട്ടർപട്ടിക സംബന്ധിച്ച അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കേണ്ട അവസാന തീയതി | 2020 ഫെബ്രുവരി 14 |
| അപേക്ഷകളും ആക്ഷേപങ്ങളും സംബന്ധിച്ച ഹിയറിംഗും അപ്ഡേഷനും പൂർത്തിയാക്കൽ | 2020 ഫെബ്രുവരി 25 |
| അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | 2020 ഫെബ്രുവരി 28 |

**PROCEEDINGS OF THE SECRETARY,**
**STATE ELECTION COMMISSION, KERALA**
**(PRESENT: A.SANTHOSH)**

Subject :- State Election Commission, Kerala– Election to Local Self Government Institutions – Preparation of electoral rolls- Upgradation of software Electoral Roll Management System Software- Administrative sanction & release of funds - Orders issued.

Reference :- 1.Commission's letter No. B1/27283/2019/SEC dated 27.09.2019
2. Proforma Invoice request No.PPCKL190592 dated 30.10.2019 of M/s National Informatics Centre Services

Order No. B1-27283-2019-SEC Dated: 06.12.2019

**ORDER**

State Election Commission, Kerala is constituted under Article 243 K &243 ZA of Constitution of India for the Superintendence, direction and control of the preparation of electoral roll for the conduct of all elections to Panchayats and Municipalities in the State. In this connection, the Commission adopted a software viz. Electoral Roll Management System (ERMS) developed by National Informatics Centre for the online activities in connection with the preparation of electoral rolls from General Election 2015 onwards.

In the meeting held on 17.09.2019, the officials of National Informatics Centre informed that the existing software for electoral registration has to be re engineered and redesigned to make it more user friendly & robust prior to the General Election 2020. Accordingly, the Commission, as per the letter referred as 1st paper above, directed the NIC for taking urgent steps to upgrade the existing software on a high priority basis as part of preparedness for the forthcoming General Election 2020. As per the paper referred as 2nd above, the

NIC furnished a Proforma invoice for Rs. 9, 15,000/- (Cost Rs. 7, 75,424 + IGST Rs. 1, 39,576) for the aforesaid upgradation activities .

The Commission has examined the matter in detail and is pleased to accord administrative sanction for the upgradation of software, Electoral Roll Management System (ERMS) through NIC meeting the expenditure from Sanction is also accorded for the payment of Rs. 9, 15,000/- ( Rupees Nine Lakh Fifteen Thousand only) including IGST of Rs. 1,39,576/- to National Informatics Centre in this regard.

The amount will be transferred by RTGS to the Account No. NICSIPPCKL190592 at ICICI Bank, CMS (IFSC Code ICIC 0000104), in favour of M/s National Informatics Centre.

The Head of Account "2015-00-109-99-34OC-3OI".

A.SANTHOSH
Secretary

To

1. M/s. National Informatics Centre.
2. The Principal Accountant General (A&E), Audit,Thiruvananthapuram.
3. The Sub Treasury Officer, Vellayambalam, Thiruvananthapuram.
4. Stock file/Office Copy

Copy to

'A3', 'A2' Sections, SEC
P.S to Commissioner

Forwarded/By Order

Section Officer